GLOSSARY SERIES No. 3

Terms in Mathematics

MALAYALAM

1940

470

UNIVERSITY OF TRAVANCORE

Price 8 As.

UNIVERSITY
OF
TRAVANCORE
1952

GLOSSARY SERIES No. 3

Terms in Mathematics

NUNAVIRUL ISLAM HIGH SCHOOL
Date 12/10
ERNAKULAM

MALAYALAM

Printed and Published by
The Superintendent, Department of Publications.
(All rights Reserved)

2nd Edition,
1000 Copies

UNIVERSITY
OF
TRAVANCORE
1952

Price 8 As.

CONTENTS

	PAGE
ALGEBRA	1
ARITHMETIC	1
ASTRONOMY	29
CALCULUS	39
GEOMETRY	17
MECHANICS	46
STATISTICS	43
TRIGONOMETRY	17

MUNAVIRUL ISLAM HIGH SCHOOL
Date 14/6
ERNAKULAM.

പ്രസ്താവന

നമ്മുടെ മാതൃഭാഷയായ മലയാളം എല്ലാ ശാഖകളിലും കാലാനുസൃതമായ അഭിവൃദ്ധി പ്രാപിക്കേണ്ടതു് കേരളത്തിന്റെ പൊതുവായ പരിഷ്കാരപുരോഗതിക്കും സംസ്കാരാഭിവൃദ്ധിക്കും അത്യന്താപേക്ഷിതമാണു്. ആ അഭിവൃദ്ധിക്കു വിഘാതമായ ഒരു പ്രധാനസംഗതി ശാസ്ത്രീയഗ്രന്ഥങ്ങളുടെ വിരളതയാണല്ലോ. ഉൎജതന്ത്രം, രസതന്ത്രം, രാജ്യതന്ത്രം, ലോഹതന്ത്രം, യന്ത്രതന്ത്രം, ധനതന്ത്രം, മനഃശാസ്ത്രം, ജീവശാസ്ത്രം തുടങ്ങിയ അനേകശാസ്ത്രങ്ങളിൽ ആധുനികകാലത്തു് അദ്ഭുതകരമായ അഭിവൃദ്ധിയുണ്ടായിട്ടുണ്ടു്. ഇവയെപ്പറ്റി സാമാന്യമായ ഒരു ജ്ഞാനമെങ്കിലും പ്രദാനം ചെയ്യുവാൻ കെല്പില്ലാത്ത ഒരു ഭാഷ ഇന്നത്തെ നിലയ്ക്കു തികച്ചും അപര്യാപ്തമായ ഒന്നാണെന്നു സമ്മതിക്കാതെ തരമില്ല. മാതൃഭാഷാമാത്രേണ ഈ ആവശ്യം നിർവഹിക്കാൻ കഴിയാത്തിടത്തോളം കാലം ഇംഗ്ലീഷ്, ഫ്രഞ്ചു്, ജൎമ്മൻ തുടങ്ങിയ ഏതെങ്കിലും പ്രധാനമായ ഒരു പാശ്ചാത്യഭാഷയെ ശരണീകരിക്കുവാൻ നാം നിർബന്ധിതരാകും. സ്ഥാനത്തും അസ്ഥാനത്തുമുള്ള ഇംഗ്ലീഷിന്റെ അമിതമായ പ്രാധാന്യത്തെ ലഘൂകരിച്ചു് നാട്ടുഭാഷകളെ സമുദ്ധരിക്കുവാനും വികസിപ്പിക്കുവാനുമുള്ള യത്നം ഭാരതത്തിൽ ഏതാണ്ടു സാവ്രതികമായിത്തീൎന്നിട്ടുണ്ടു്. മാതൃഭാഷയെ വിസ്മരിച്ചു് വൈദേശികഭാഷകളെ മാത്രം സമാശ്രയിക്കുന്നതുകൊണ്ടു് രാജ്യത്തിനു് പൊതുവാ

0340

വേയോ ജനങ്ങൾക്കു സാമാന്യമായോ അഭിവൃദ്ധിയുണ്ടാകുവാൻ പ്രയാസമാണെന്നുള്ള കാര്യം ഇപ്പോൾ അനുഭവസിദ്ധവും സർവസമ്മതവും ആണു്. ഹിന്ദി, ബംഗാളി, ഉർദു, തെലുങ്കു്, തമിഴ് മുതലായ ഭാഷകൾ കഴിഞ്ഞ അരശതാബ്ദകാലത്തിനിടയിൽ മാതൃകായോഗ്യമായ പുരോഗതി പ്രാപിച്ചിട്ടുണ്ടു്.

നമ്മുടെ ഇടയിൽ ശാസ്ത്രീയവിജ്ഞാനവും ഭാഷാവൈദുഷ്യവും ഉള്ളവർക്കു പോലും ശാസ്ത്രീയഗ്രന്ഥരചന സുകരമല്ല. ഇതിനുള്ള പ്രധാനകാരണം ഭാഷയിൽ ആവശ്യമനുസരിച്ചു കൈകാര്യം ചെയ്യാൻ സാങ്കേതികപദങ്ങൾ ഇല്ലെന്നുള്ളതാണു്. നിഷ്കൃഷ്ടവും ശാസ്ത്രീയവുമായ അർത്ഥവിവക്ഷയോടു കൂടിയവയാണു് സാങ്കേതികപദങ്ങൾ. പൊതുവ്യവഹാരത്തിലും ശാസ്ത്രീയോപയോഗത്തിലും ഒരു പദംതന്നെ വളരെ ഭിന്നമായ അർത്ഥത്തിൽ ഉപയോഗിക്കേണ്ടതായി വരും. അതുകൊണ്ടു് ശാസ്ത്രീയമായ അർത്ഥബന്ധത്തോടും സാങ്കേതികമായ അർത്ഥക്ലിപ്തിയോടും കൂടിയ പദങ്ങൾ ആവശ്യകമാകുന്നു.

നിശ്ചിതമായ ചില പ്രത്യേകാർത്ഥങ്ങളും നിഷ്കൃഷ്ടമായ ചില പ്രത്യേകാശയങ്ങളും ഉൾക്കൊള്ളുന്ന സാങ്കേതികപദങ്ങൾക്കു് പൊതുസമ്മതിയും ഐകരൂപ്യവും അപരിത്യാജ്യമാണു്. ഓരോ ഗ്രന്ഥകാരന്റെയും മനോധർമ്മവും പദനിഷ്പാദനസാമർത്ഥ്യവും അനുസരിച്ചു് സാങ്കേതികപദങ്ങൾ നിർമ്മിച്ചു് ഉപയോഗിക്കുന്നപക്ഷം അവയ്ക്കു സാർവത്രികമായ പ്രചാരം ലഭിക്കുന്നതിനും അനുവാചകർ അവയുടെ അർത്ഥവിവക്ഷ ശരിയായി ധരിക്കു

1940

ANWARUL ISLAM HIGH SCHOOL

ന്നതിനും വളർ പ്രയാസമുണ്ടാകുന്നതാണല്ലോ. പുരോഗ
മനോന്മുഖരായ ചില ഗ്രന്ഥകാരന്മാരുടെ പരിശ്രമഫ
ലമായി ചുരുക്കം ചില ശാസ്ത്രീയഗ്രന്ഥങ്ങൾ മലയാളഭാ
ഷയിൽ ഉണ്ടായിട്ടുണ്ടെങ്കിലും അവയിലെ സാങ്കേതികപ
ദങ്ങളുടെ അനൈകരൂപ്യം ആ ഗ്രന്ഥങ്ങളുടെ പ്രചാര
ത്തിനും പ്രയോജനത്തിനും സാരമായ തടസ്സമായിത്തീർന്നി
ട്ടുണ്ട്. ഇതിനുള്ള ഏക പരിഹാരമാർഗ്ഗം, കഴിയുന്നതും
സാവ്ത്രികമായും സർവ്വസമ്മതമായും ഉപയോഗിക്കുവാൻ
പര്യാപ്തമായ വിധത്തിൽ ഓരോ ശാസ്ത്രത്തിലും ഭാഷാ
വിദഗ്ദ്ധന്മാരും ശാസ്ത്രജ്ഞന്മാരും ഒത്തൊരുമിച്ച് സാങ്കേ
തികപദകോശങ്ങൾ നിർമ്മിക്കുകതന്നെയാണ്. ഭാരത
ത്തിലെ പുരോഗമനോന്മുഖമായ എല്ലാഭാഷകളിലും അവ
ലംബിച്ചിട്ടുള്ള മാർഗ്ഗവും ഇതല്ലാതെ മറ്റൊന്നുമല്ല. ഹിന്ദി
ബംഗാളി, ഉർദ്ദു, തമിഴ് മുതലായ ഭാരതീയഭാഷകളിൽ
പണ്ഡിതപരിഷത്തുകളുടെയും സർവ്വകലാശാലകളുടെയും
ആഭിമുഖ്യത്തിൽ ഈദൃശമായ സാങ്കേതികപദകോശങ്ങൾ
പ്രസിദ്ധപ്പെടുത്തി കഴിഞ്ഞിട്ടുണ്ട്. തന്മൂലം പ്രസ്തുത
ഭാഷകളിൽ ശാസ്ത്രീയഗ്രന്ഥങ്ങളുടെ ആവിർഭാവത്തിൽ
ഗണ്യമായ അഭിവൃദ്ധി ഉളവായിട്ടുണ്ട്.

കേരളത്തിലെ കലകളേയും സംസ്കാരത്തേയും പരി
പോഷിപ്പിക്കണമെന്നും ശാസ്ത്രീയവും സാങ്കേതികവും ആയ
വിദ്യാഭ്യാസപരിപാടികളെ ക്രമാനുഗതമായി വികസിപ്പി
ക്കണമെന്നും പ്രായോഗികശാസ്ത്രശാഖകളിലും ഗവേഷ
ണപരിശ്രമങ്ങളിലും കൂടുതൽ പുരോഗതി ഉളവാക്കണ
മെന്നും ഉള്ള പ്രത്യേകോദ്ദേശ്യങ്ങളെ പ്രധാനമായി മുൻ
നിർത്തി സംസ്ഥാപിതമായിട്ടുള്ള തിരുവിതാംകൂർ സർവ്

കലാശാലയുടെ സത്പരശ്രദ്ധ അതിന്റെ ആവിർഭാവ കാലം മുതൽക്കുതന്നെ മലയാളഭാഷയുടെ കാലോചിത മായ അഭിവൃദ്ധിമാർഗ്ഗങ്ങളിലേക്കു പതിഞ്ഞുകൊണ്ടാണിരു ന്നിട്ടുള്ളതു്. ഇന്നത്തെ കാലസ്ഥിതിക്കും ആവശ്യങ്ങൾ ക്കും ഭാഷയിൽ ഏറ്റവും അപരിത്യാജ്യമായി ഉണ്ടാകേണ്ട ശാസ്ത്രീയവും സാഹിത്യപരവും ആയ വിവിധഗ്രന്ഥങ്ങൾ രചിപ്പിച്ചും ഗ്രന്ഥകാരന്മാരെ പ്രോത്സാഹിപ്പിച്ചും ഭാഷാ ഭിവൃദ്ധിയെ സാരമായി സഹായിക്കണമെന്നുള്ള മുഖ്യമായ ഉദ്ദേശ്യത്തോടുകൂടി സർവകലാശാല, പ്രത്യേകമായ ഒരു പ്രസിദ്ധീകരണശാഖ തന്നെ ഏർപ്പെടുത്തിയിട്ടുണ്ടു്.

ഗ്രീക്കു്, ലത്തീൻ, സംസ്കൃതം തുടങ്ങിയ മഹാഭാ ഷകളിലും ആധുനികപാശ്ചാത്യ സാഹിത്യങ്ങളിലും ഹിന്ദി, ബംഗാളി തുടങ്ങിയ പ്രമുഖഭാരതീയഭാഷകളിലു മുള്ള വിശേഷാത്തരങ്ങളായ ഗ്രന്ഥങ്ങൾ, തർജ്ജിമകൾ അനു വത്തനങ്ങൾ സംഗ്രഹങ്ങൾ മാർഗ്ഗമായി മലയാളത്തിൽ ക്രമേണ പ്രകാശിപ്പിക്കണമെന്നും വിജ്ഞാനകോശ ങ്ങൾ, നിഘണ്ടുക്കൾ തുടങ്ങിയ ഭാഷാസമ്പത്തുകൾ അചി രേണ സമ്പാദിക്കുവാനുള്ള പദ്ധതികൾ ഉദ്ഘാടനം ചെയ്യണമെന്നും വിശിഷ്യ, ലഘുശാസ്ത്രഗ്രന്ഥങ്ങൾ സാങ്കേതികപദകോശങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചു് ഭാഷയുടെ ഏറ്റവും അപുഷ്ടമായിട്ടുള്ള ശാഖകളെ പ്രത്യേകമായി പരിപോഷിപ്പിക്കണമെന്നും ഉള്ള വിശി ഷ്ടങ്ങളായ ഉദ്ദേശ്യങ്ങളെ മുൻനിറുത്തിയാണു് ഈ പ്രസി ദ്ധീകരണശാഖ പ്രവർത്തിച്ചുപോരുന്നതു്. പ്രായംകൊണ്ടു കേവലം ബാല്യദശയിൽ മാത്രം വർത്തിക്കുന്ന ഒരു സർ

കലാശാലയുടെ ഒരു ഉപശാഖമാത്രമായ ഈ ഡിപ്പാർട്ട്മെൻറ് അഭിരേണ അതിൻെറ വളച്ചയും പുഷ്ടിയും അനുസരിച്ചു ഭാഷാഭിവൃദ്ധിപരമായി കായ്കുകാരിയായ സേവനം നിർവഹിക്കുമെന്നും പ്രതീക്ഷിക്കാം.

വൈദ്യുതീവിലാസം, ആരോഗ്യമാർഗ്ഗങ്ങൾ, സമുദായ ശാസ്ത്രം തുടങ്ങിയ ലഘുശാസ്ത്രഗ്രന്ഥങ്ങളും ഊർജതന്ത്രം, രസതന്ത്രം, ഗണിതം, സസ്യശാസ്ത്രം, വിദ്യാഭ്യാസം, ജന്തുശാസ്ത്രം എന്നീ വിഷയങ്ങളിലെ സങ്കേതികപദകോശങ്ങളും അറീലിയസ്സിൻെറ ആത്മനിവേദനം ഭഗവദ്ഗീതാ വ്യാഖ്യാനം മുതലായ മറനേകം ഉത്തമഗ്രന്ഥങ്ങളും ഈ വകുപ്പിൽനിന്നു ഇതിനകം പ്രസിദ്ധപ്പെടുത്തികഴിഞ്ഞിട്ടുണ്ട്. മഹാകവി ഉള്ളൂരിൻെറ സാഹിത്യചരിത്രം (ഏഴാം ഭാഗം) പ്രസിദ്ധപ്പെടുത്താൻ തുടങ്ങിയിരിക്കുകയാണു.

സർവകലാശാലയുടെ അഭിമുഖ്യത്തിൽ പ്രസിദ്ധപ്പെടുത്തുന്ന ഈ സാങ്കേതികപദകോശങ്ങളുടെ നിർമ്മാണത്തിൽ സാധാരണമായി അവലംബിച്ചുപോരുന്ന രീതികളെപ്പറ്റി സാമാന്യമായ ഒരു ജ്ഞാനം ലഭിക്കുന്നതു ഗ്രന്ഥകർത്താക്കൾക്കും ഭാഷാപ്രണയികൾക്കും ഉപകാരപ്രദമായിരിക്കുമെന്നു വിശ്വസിക്കുന്നു. തികച്ചും അവികലവും സർവാദരണീയവും ആയ രീതിയിൽ സാങ്കേതികപദകോശങ്ങൾ നിർമ്മിക്കുന്നതു സാദ്ധ്യമല്ലെന്നിരുന്നാലും അവയുടെ നിർമ്മാണത്തിൽ കഴിയുന്നതും ജാഗ്രത്തായ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ടെന്നുള്ളതും ഓരോ പദവും വിദഗ്ധന്മാരടങ്ങിയ ഒരു കമ്മറിയുടെ നിപുണമായ ചർച്ചയ്ക്കും

വിമർശനത്തിനും വിധേയമായതിനു ശേഷമാണു് സ്വീകൃതമായിട്ടുള്ളതെന്നും പ്രസ്താവിക്കാവുന്നതാണു്.

ഏതെങ്കിലും ഒരു ശാസ്ത്രത്തിൽ സാങ്കേതികപദങ്ങളും നിർമ്മിക്കുന്നതിനു് പ്രസിദ്ധീകരണവകുപ്പിന്റെ നേരിട്ടുള്ള ആഭിമുഖ്യത്തിൽ അതതു ശാസ്ത്രങ്ങളിൽ പാണ്ഡിത്യമുള്ള പ്രഫസറന്മാരുടേയും ലക്ചറന്മാരുടേയും സഹകരണത്തോടുകൂടി ആദ്യമായി ആ ശാസ്ത്രത്തിലെ സാമാന്യോപയോഗത്തിനു് അത്യാവശ്യങ്ങളായ പദങ്ങളും ശേഖരിച്ചും അതിനുശേഷം സംസ്കൃതം, ഗ്രീക്കു്, ലത്തീൻ തുടങ്ങിയ മൂലഭാഷകളിൽ ഈ പദങ്ങൾക്കുള്ള ധാതുപത്ഥങ്ങളും പരിശോധിച്ചും ഇംഗ്ലീഷ് സാങ്കേതികനിഘണ്ടുക്കളുടെ സഹായത്തോടുകൂടി അവയുടെ അന്തിമപരിശോധന ചെയ്തും, അനന്തരം, ഹിന്ദി, ബംഗാളി, ഉർദു, തമിഴ് മുതലായ ഭാഷകളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള സാങ്കേതികപദകോശങ്ങളും നോക്കി അവയോടു് ഐകരൂപ്യം വരുത്തുവാൻ ശ്രമിച്ചും ആദ്യമായി ഒരു നക്കൽകോശം ഒരു വിദഗ്ദ്ധ സമിതിയുടെ പര്യാലോചനയ്ക്കും വിമർശങ്ങൾക്കും ഭേദഗതികൾക്കും വേണ്ടി സമർപ്പിക്കയാണു് ഇതിന്റെ നിർമ്മാണത്തിലെ രണ്ടാമത്തെ ഘട്ടം. സാങ്കേതിക പദനിർമ്മാണ സമിതികളിൽ മലയാളം, ഇംഗ്ലീഷ്, സംസ്കൃതം എന്നീ ഭാഷകളേയും വ്യാകരണത്തെയും അതതു ശാസ്ത്രങ്ങളേയും പ്രതിനിധീകരിക്കുവാൻ അർഹന്മാരായ അംഗങ്ങളെയാണു് ഉൾപ്പെടുത്തുന്നതു്.

നക്കലായി തയ്യാറാക്കിയിട്ടുള്ള പദകോശത്തിന്റെ പ്രതികരം മുൻക്രട്ടി വിദഗ്ധന്മാരിൽ ഒരോരുത്തക്കും അയച്ചുകൊടുത്തതിനു ശേഷമാണ് കമ്മിറ്റിക്രട്ടിയോരോ പദത്തെപ്പറ്റിയുമുള്ള ചർച്ച ആരംഭിക്കുന്നത്. പലി പ്പോഴും മൂന്നും നാലും മണിക്രൂർ നീണ്ടുനിൽക്കുന്ന കമ്മിറ്റിയോഗങ്ങളിൽ നാലും അഞ്ചും വാക്കുകളെ സംബ ന്ധിച്ചുമാത്രമേ ഏകകണ്ഠമായ തീരുമാനത്തിലെത്താൻ കഴിഞ്ഞിട്ടുള്ളു. നവമായി നിർമ്മിക്കുകയോ സ്വീകരി ക്കുകയോ ചെയ്യുന്ന പദങ്ങൾ, ഇംഗ്ലീഷ് പദങ്ങൾ ഉൾ ക്കൊള്ളുന്ന ആശയങ്ങളേയും ഔചിത്യത്തേയും കഴിയുന്നതും ശരിയായും അന്യൂനാതിരിക്തമായും പ്രതിഫലിപ്പിക്കു വാൻ പര്യാപ്തമായിരിക്കണമെന്നുള്ള ഒരു പൊതുനിയമം അനുവർത്തിക്കുന്നതിൽ വളരെ നിഷ്കർഷ പ്രദർശിപ്പിച്ചു പോരുന്നുണ്ടെന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണു്.

മലയാളഭാഷയിൽ പ്രചുരമായ പ്രചാരം ലഭിച്ചുക ഴിഞ്ഞിട്ടുള്ള ഇംഗ്ലീഷ് പദങ്ങൾക്കു് മലയാളപദങ്ങൾ നിർമ്മിക്കുവാൻ ത്രുനിഞ്ഞിട്ടേയില്ല. അവയെ തൽസമ ങ്ങളായി സ്വീകരിക്കുക എന്നു പൊതുനിയമമാണു് അംഗീ കരിച്ചിരിക്കുന്നതു്. പുതിയ വാക്കുകൾ നിർമ്മിക്കുമ്പോൾ ഇംഗ്ലീഷ് പദങ്ങളുടെ ധാതുപ്രത്യയത്തെ മാത്രം എപ്പോഴും ആശ്രയിക്കാറില്ല. ശാസ്ത്രീയമായ പല സംജ്ഞകൾക്കും സാങ്കേതികപദങ്ങൾക്കും മൂലരൂപത്തിൽനിന്നു ഭിന്നവും

വിസ്തൃതവും - ആയ അർത്ഥവിവക്ഷ കാലാന്തരത്തിൽ ഉണ്ടാകുവാൻ ഇടയായിട്ടുണ്ട്. അങ്ങനെയുള്ള പദങ്ങളുടെ മൂലരൂപമോ ധാതുപദ്ധതിയോ മാത്രം നോക്കാതെ അവയുടെ ആധുനികമായ അർത്ഥവിവക്ഷയനുസരിച്ച് പുതിയ പദങ്ങൾ നിർമ്മിക്കുകയാണ് ചെയ്തിട്ടുള്ളത്. ഉദാഹരണമായി Physics എന്ന ഇംഗ്ലീഷുപദം Nature എന്നർത്ഥമുള്ള Phusis ധാതുവിൽ നിന്നുൽഭവിച്ചിട്ടുള്ളതാണെങ്കിലും ഊർജ്ജതന്ത്രം എന്ന പദമാണ് Physics-ന്റെ പകരം മലയാളത്തിൽ സ്വീകരിച്ചിട്ടുള്ളത്. ഊർജത്തേയും അതിന്റെ രൂപങ്ങളേയും പറ്റി പ്രധാനമായി പ്രതിപാദിക്കുന്ന ഒരു ആധുനികശാസ്ത്രവിഭാഗമെന്ന നിലയിലാണ് Physics എന്ന പദം ഇപ്പോൾ ഇംഗ്ലീഷിൽ ഉപയോഗിച്ചുവരുന്നത്. തൽമൂലം ധാതുപദ്ധതിയെ മാത്രം ആശ്രയിക്കാതെ ആധുനികമായ അർത്ഥത്തിനാണ് പ്രാധാന്യം നൽകിയിരിക്കുന്നത്.

ചിലപ്പോൾ ഇംഗ്ലീഷ് പദങ്ങളേക്കാൾ കൂടുതൽ ആശയസൂക്ഷ്മതയും വ്യക്തതയും ഉളവാക്കുവാൻ ശ്രമിച്ചിട്ടുണ്ട്. ഒരു ഉദാഹരണം പറയാം. Amorphous എന്ന ഇംഗ്ലീഷ് പദത്തിന്റെ ധാതുപദ്ധതി രൂപമില്ലാത്തത് എന്നാണ്. യഥാർത്ഥത്തിൽ ഈ പദംകൊണ്ട് വിവക്ഷിക്കുന്ന അർത്ഥം ക്രമമായ രൂപമില്ലാത്തത് എന്നാണ്. അതുകൊണ്ട് Amorphous എന്ന പദത്തിന് അനിയതരൂപം എന്ന സങ്കേതികപദമാണ് സ്വീകരിച്ചിട്ടുള്ളത്. രസതന്ത്രത്തിൽ Transformation എന്ന പദം ഒരു മൂലകത്തിൽനിന്ന മറ്റൊരു മൂലക (Element) ത്തിലേ

ക്കുള്ള പരിണാമത്തെയാണു് കുറിക്കുന്നതു്. ഈ പദത്തിന്റെ സാമാന്യമായ അർത്ഥം രൂപവ്യത്യാസം എന്നാണെങ്കിലും ആശയത്തെ കൂടുതൽ സ്പഷ്ടമായി പ്രകാശിപ്പിക്കുവാൻ പര്യാപ്തമായിട്ടുള്ളതു് 'മൂലകപരിണാമം' എന്ന പദമാകയാൽ അതാണു് സാങ്കേതികപദമായി സ്വീകരിച്ചിട്ടുള്ളതു്.

തൽസമങ്ങളോ തദ്ഭവങ്ങളോ ആയ ഇംഗ്ലീഷുപദങ്ങൾ പ്രചാരമില്ലാത്തേടത്തു് നൂതനപദങ്ങൾ നിർമ്മിക്കുമ്പോൾ മിക്കവാറും സംസ്കൃതപദങ്ങൾ തന്നെ സ്വീകരിക്കുക എന്ന പരിപാടി അപരിഹരണീയമായി തീർന്നിട്ടുണ്ടു്. ഇതു് സംസ്കൃതത്തോടുള്ള പ്രത്യേകപക്ഷപാതം കൊണ്ടോ പച്ചമലയാളത്തിനു ഗൗരവം പോരാഞ്ഞിട്ടോ ആണെന്നു ശങ്കിക്കരുതു്. ഇംഗ്ലീഷിൽ പ്രചാരത്തിലിരിക്കുന്ന ഭൂരിപക്ഷം സാങ്കേതികപദങ്ങളും ഗ്രീക്കോ ലത്തീനോ പ്രകൃതി (root) കളിൽനിന്നു് ഉളവായിട്ടുള്ളവയാണു്. ഈ ധാതുക്കളും സംസ്കൃതധാതുക്കളും തമ്മിൽ പലപ്പോഴും വിസ്മയകരമായ ആനുരൂപ്യം കാണുന്നുണ്ടു്. കുറേരണ്ടു് ഉദാഹരണങ്ങൾ കൊണ്ടു് ഈ വസ്തുത വിശദീകരിക്കാം. Centre of gravity (സെൻറർ ഓഫ് ഗ്രാവിറ്റി) Centrum (കേന്ത്രം) എന്ന ലത്തീൻപദത്തിൽക്കൂടെ Kentron എന്ന ഗ്രീക്കുപദത്തിൽനിന്നു് ഉൽഭവിച്ചതാണെന്നു സ്പഷ്ടമല്ലോ. അപ്രകാരമാണെങ്കിൽ Centre എന്ന പദത്തിനു് പര്യാപ്തമായി നടു എന്നോ മദ്ധ്യം എന്നോ ഉള്ള പദങ്ങൾ സ്വീകരിക്കാതെ കേന്ദ്രം

എന്ന പദം സ്വീകരിക്കുന്നതുകൊണ്ടു സാർവജനീനമായ ഒരു ഐകരൂപ്യം കൂടി നമ്മുടെ സാങ്കേതികപദത്തിനു് ലഭിക്കുമല്ലോ. ഹിന്ദി, ബംഗാളി തുടങ്ങിയ ഭാരതീയഭാഷകളിലെ സാങ്കേതികപദങ്ങളുമായി ഐകരൂപ്യം ലഭിക്കുന്നതിനും ഇതു കാരണമാകുമെന്നുള്ളതു് നമുക്കു വിശിഷ്യ അനുഗ്രഹവുമായിരിക്കും. Gyration എന്ന ഇംഗ്ലീഷ് പദത്തിന്റെ മൂലത്തിനു് ഘൂർണ്ണനം എന്ന സംസ്കൃതപദവുമായി സാദൃശ്യമുണ്ടു്. അതുകൊണ്ടു് ആ പദമാണു് പര്യായമായി എടുത്തിരിക്കുന്നതു്.

Valency എന്ന ഇംഗ്ലീഷുപദത്തിന്റെ ലാറ്റിനിലുള്ള മൂലത്തിന്റെ അർത്ഥം ബലം എന്നാണു്. സംസ്കൃതത്തിലെ ബലം എന്ന പദത്തിനും തുല്യാർത്ഥമാണല്ലോ.

ഇതരഭാരതീയഭാഷകളും നൂതനപദസൃഷ്ടിക്കു് സംസ്കൃതത്തെത്തന്നെ പ്രധാനമായി അവലംബിച്ചുപോരുന്നതുകൊണ്ടും സംസ്കൃതവും മലയാളവും തമ്മിൽ മണിപ്രവാളരീതിയിൽ മനോജ്ഞമായി സമ്മേളിക്കുവാൻ പ്രയാസമില്ലാത്തതിനാലും നൂതനപദസൃഷ്ടിയിൽ സംസ്കൃതം ധാരാളമായി ഉപയോഗിച്ചിട്ടുണ്ടു്. എങ്കിലും, ലളിതമായ മലയാളപദങ്ങൾ സുലഭമായിട്ടുള്ള സന്ദർഭങ്ങളിൽ അവയെയും പര്യായമായി സസന്തോഷം അംഗീകരിച്ചിരിക്കുന്നു. ഈ വിധത്തിലുള്ള ചില പ്രത്യേകകാരണങ്ങളാലാണു് ഈ പദകോശങ്ങളിൽ സാധാരണദൃഷ്ടിക്കു് അല്പം ബാഹുല്യമായ രീതിയിൽ സംസ്കൃതപദപ്രയോഗം

കാണുന്നതു്. ആംഗ്ലേയഭാഷയുടെ ഫ്രഞ്ചു, ലത്തീൻ, ഗ്രീക്കു് തുടങ്ങിയ വൈദേശികഭാഷകളെ ആശ്രയിച്ചു സാങ്കേതികപദനിർമ്മാണം സാധിക്കാമെങ്കിൽ, മലയാളത്തോടു സുദൃഢമായി ബന്ധമുള്ളതും പല പ്രധാനഭാരതീയഭാഷകളുടെയും മാതൃസ്ഥാനം വഹിക്കുന്നതുമായ സംസ്കൃതത്തെ എന്തുകൊണ്ടു നമുക്കും സമാശ്രയിച്ചുകൂടാ. മുകളിൽ പറഞ്ഞ സാമാന്യനിയമങ്ങൾക്കു പുറമേ ഹിന്ദി, ബംഗാളി, ഉർദു, തെലുങ്കു്, തമിഴു് തുടങ്ങിയ പുരോഗമനോന്മുഖങ്ങളായ ഭാഷകളും സാങ്കേതികപദനിർമ്മാണത്തിൽ അംഗീകരിച്ചുപോരുന്ന സാമാന്യനിയമങ്ങളേയും സന്ദർഭാനുസാരം അനുകരിക്കുന്നുണ്ടു്.

മലയാളത്തിൽ ശാസ്ത്രീയഗ്രന്ഥങ്ങൾ സുലഭമായി ഉണ്ടാകുന്നതിനു് ഈ പദകോശങ്ങൾ മാർഗ്ഗം തെളിക്കുമെന്നു വിശ്വസിക്കുന്നു. ഉത്തമമായ ഒരു മലയാളനിഘണ്ടു അചിരേണ നിർമ്മിക്കുന്നതിനും ഈ കോശങ്ങൾ സഹായകമായിത്തീരുമെന്നു് പ്രതീക്ഷിക്കുന്നു. ശാസ്ത്രീയവും സാങ്കേതികവും ആയ ആധുനികഗ്രന്ഥങ്ങൾ ഭാഷയിൽ സുലഭങ്ങളായിത്തീരുമ്പോൾ മാതൃഭാഷാമാത്രമായുള്ള സാമാന്യവിദ്യാഭ്യാസത്തിനുള്ള പ്രധാനപ്രതിബന്ധം പരിപൂർണ്ണമായി പരിഹൃതമാകുന്നതും തൽഫലമായി അതു് അചിരേണ സാധ്യമായിത്തീരുന്നതും ആകുന്നു.

ഈ പദകോശത്തെ തുടർന്നു് സർവകലാശാലയുടെ പദകോശപരമ്പരയിൽ അടുത്തതായി ശരീരശാസ്ത്രം

ഭൂഗർഭശാസ്ത്രം സമുദായശാസ്ത്രം തുടങ്ങിയവിഷയങ്ങളിലും പദകോശങ്ങളും പ്രസിദ്ധപ്പെടുത്തുന്നതാണ്.

സാങ്കേതികപദനിർമ്മാണക്കമ്മറ്റി

ഗണിതശാസ്ത്രം.

1. മഹാകവി, സാഹിത്യനിഷ്ണാതൻ, റാവുസാഹിബ്
   ഉള്ളൂർ എസ്. പരമേശ്വരയ്യർ എം. എ., ബി. എൽ.
2. പ്രഫസർ ശ്രീനിവാസൻ എം. എ.
3. വൈദ്യശാസ്ത്രനിപുണ: ഡോക്ടർ എൽ. എ. രവിവർമ്മ,
   എം. ബി. സി. എം; ഡി. കെ. എം. എസ്.
4. ഡാക്ടർ എച്ച്. സുബ്രഹ്മണ്യയ്യർ എം. എ., പി. എച്ച്. ഡി.
5. ഡാക്ടർ ശിവരാമൻ നായർ എം. എ., പി. എച്ച്. ഡി.
6. എം. ആർ. ബാലകൃഷ്ണവാര്യർ. എം. എ.
7. റവ. കെ. ജോസഫ്, ബി. എ. എൽ. റവ.
8. പി ശേഷാദ്രിഅയ്യർ, ബി. എ. എം. എൽ.

ARITHMETIC AND ALGEBRA

അങ്കഗണിതവും ബീജഗണിതവും

abscissa	സ്ഥിരരേഖ
absolute	കേവലം
add	കൂട്ടുക
addend	സങ്കലനീയം
addition	സങ്കലനം
aggregate	സമൂഹം
algebra	ബീജഗണിതം
aliquot part	ഹൃല്ലഭാംശകം
alternando	ഏകാന്തരക്രിയ
amount	തുക
amplitude	കോണാങ്കം
angle	കോണം
annuity	വാർഷികവേതനം
answer	ഉത്തരം
antecedent	പൂർവ്വം
application	പ്രയോഗം
apply	പ്രയോഗിക്കുക
approximate (adjective)	ഏകദേശമായ
approximate (verb)	സ്ഥൂലമായി ഗണിക്കുക
approximately	ഏകദേശമായി

approximation	സ്ഥൂലഗണനം
approximation, close	സൂക്ഷ്മപ്രായത
approximation, rough	ഇരുഷൽസൂക്ഷ്മത
area	ക്ഷേത്രഫലം
arithmetic	അങ്കഗണിതം
arrears	കുടിശ്ശിക
assets	ആസ്തി
average (arith.)	ശരാശരി
average (gen.)	മദ്ധ്യമാനം
axiom	സ്വയംപ്രമാണം
axis	അക്ഷം
axis of reference	ആപേക്ഷികാക്ഷം
balance	ബാക്കി
bankrupt	നിർദ്ധനൻ
barter	വിനിമയം
base	മൂലമൂലം
bill	ബിൽ
binomial	ദ്വിപദം
biquadratic	ചതുർഘാതം
bond	കടപ്പത്രം
bound	അവധി
bound, lower	നിമ്നാവധി
bound, upper	ഉന്നതാവധി
brace	ചാപകോഷ്ഠം

bracket	കോഷ്ഠം
bracket, clear a	കോഷ്ഠം മാറുക
bracket, curl	മഹാകോഷ്ഠം
bracket, square	ലഘുകോഷ്ഠം
breadth	വീതി
broker	ദല്ലാളി, തരകൻ
brokerage	ദല്ലാൽ, തരക്
buy	വാങ്ങുക
by (*e. g*, 3/10)	ൽ (10—ൽ 3)
call money	ഗഡുവുതുക
capacity	കോള്
capital	മൂലധനം, അസൽത്തുക
casting out nines	നവവിക്ഷേപം
casting out elevens	ഏകാദശവിക്ഷേപം
centesimal	ശതാംശ–
chain rule (unitary method)	ശൃംഖലാനിയമം
characteristic (of logarithm)	പൂർണ്ണകം
chart	പരിലേഖ
circle	വൃത്തം
coefficient	ഗുണോത്തരം
coefficient, undetermined	അജ്ഞാതഗുണകം
co-factor	ഭാഗാംശം

combination	മേരു
commensurable	മേയം
commission	കമ്മിഷൻ
commutative law	മേരുനിയമം
componendo	യോഗക്രിയ
conic	സൂചിഖാത–
consequent	ഉത്തരം
constant	സ്ഥിരം, സ്ഥിരാങ്കം
continuous	അനുസ്യൂത–
convergent (series)	സംവ്രജ–
convergence, circle of	സംവ്രജവൃത്തം
convergence, radius of	സംവ്രജാരം
converse	വിലോമസമം
co-ordinate	ആപേക്ഷികകോടി
correspond	സദൃശമാക്കുക
count	എണ്ണുക
credit price	കടംപറവില
creditor	ഉത്തമർണ്ണൻ
criterion	നിർണ്ണായകം
cross-multiplication	വജ്രഗുണനം
cube	ഘനം (കൃ=ക ഘനം, ക ത്രികൃതി)
cubic	ത്രിഘാതം

cyclic	ചക്രീയം
days of grace	സൗജന്യദിനങ്ങൾ
debenture	ഡിബെഞ്ചർ, വായ്പപ്പത്രം
debtor	അധമർണ്ണൻ
decimal	ദശാംശം
decimal point	ദശാംശബിന്ദു
deduction	നിഗമനം
degree	മാനം
denominator	ഛേദം
denominator, common	സമച്ഛേദം
dependent	അധീനം
determinant	ഭ്രം
determinant, symmetric	സമാഭ്രം
determinant, skew	കുടിലഭ്രം
diagonal	കർണ്ണം
difference	വ്യത്യാസം
digit	അക്കം, സ്ഥാനം
dimension	പരിമാണം
direct	ആനു-
discount	വട്ടം
discount, tradesman's	കച്ചവടവാശി
discount, true	അസൽവട്ടം

discriminant	വിവേചകം
distance	ദൂരം
distribution	വിതരണം
divergent	വിവ്യൂജ–
dividend	ഹാര്യം, ലാഭാംശം
dividendo	വിഭേയഗം
division	ഹരണം
division, long	സാധാരണഹരണം
division, short	ലഘുഹരണം
divisor	ഹാരകം
divisor, common	സമഹാരകം
duodecimal	ദ്വാദശാംശം
element	അംഗം
elimination	നിരാസം
ellipse	ദ്വികേന്ദ്രം
equation	സമവാക്യം
equation, simultaneous	ബഹുസമവാക്യം
equivalent	തുല്യം
error	അന്തരം
even	യുഗ്മം
example	ഉദാഹരണം
exchange	കൈമാറ്റം
exchange, bill of	കൈമാറ്റച്ചീട്ട്
exercise	അഭ്യാസം

exponential	ലഘുബീജകം
expression	രാശിമാല
extremes	പ്രാന്തീയങ്ങൾ
factor	ഘടകം
factorial	ഏകാദി
factorisation	ഘടകക്രിയ
factorise	ഘടകങ്ങളാക്കുക
figure	രൂപം, അക്കം
formula	വാക്യം
fraction	ഭിന്നസംഖ്യ
fraction, compound	സംയുക്തഭിന്നം
fraction, continued	അനസ്യൂതഭിന്നം
fraction, generating	ജനകഭിന്നം
fraction, improper	വിഷമഭിന്നം
fraction, mixed	മിശ്രഭിന്നം
fraction, partial	ആംശികഭിന്നം
fraction, proper	സമഭിന്നം
function	ധർമ്മം
function, alternating	അനുക്രമധർമ്മം
function, generating	ജനകധർമ്മം
G. C. M. (H. C. F.)	ഉത്തമഭാജകം (ഉ. ഭാ.)
gradient	ചരിവുമാനം
graph	ലേഖ
height	പൊക്കം

homogeneous	സമകൃതി
hyperbola	ദ്വികേന്ദ്രപരവലയം
identity	താദാത്മ്യം
identity, conditional	ആപേക്ഷിക താദാത്മ്യം
illustration	ദൃഷ്ടാന്തം
index	കൃത്യങ്കം
inequality	അസമത
infinite	അനന്തം
infinity	അനന്തത
infinitesimal	അണു–
insurance	രക്ഷാഭോഗം
integer	പൂർണ്ണസംഖ്യ
integral part	പൂർണ്ണാംശം
interchange	വിനിമയം
interest	പലിശ
interest, compound	മേൽപ്പലിശ
into (×)	ഗുണം
invoice	വിലപ്പട്ടിക
involution	ഘാതക്രിയ
item	ഇനം
L. C. M.	ലഘുഗുണകം (ല. ഗു.)
law associative	യോഗനിയമം
length	നീളം
liability	ബാദ്ധ്യത
like	സദൃശം

limit	സീമ
limit, lower	നിമ്നസീമ
limit, upper	ഉന്നതസീമ
limiting value	സീമാമാനം
linear	ഏകഘാതം
locus loci	ബിന്ദുപഥം
logarithm	ലഘുബീജകം
logarithm, natural	നിസർഗ്ഗബീജകം
loss	നഷ്ടം
magnitude	വലിപ്പം
magnitude, ordinary	വലിപ്പക്രമം
mantissa	അംശകം
maximum	മഹിഷ്ഠം
mean	മദ്ധ്യമാനം
measure	മാനം
metric system	മെട്രിക് പദ്ധതി
minimum	അല്പിഷ്ഠം
minor	ലഘുഭിന്നാംശം
minuend	വ്യവകലനീയം
minus (—)	ന്യൂനം
mixed	മിശ്രിതം
modulus	മാപാങ്കം
money	പണം
monomial	ഏകപദം

mortgage	പണയം
motion	ഗതി
multiplicand	ഗുണ്യം
multiplication	ഗുണനം
multiplier	ഗുണകം
nagative	ഋണം, ഋണാത്മകം
nominal	നാമമാത്രം
notation	അങ്കനം
note	കുറിപ്പ്
N. B.	വി. കു. (വിശേഷാൽ കുറിപ്പ്)
number	സംഖ്യ
number, abstract	കേവലസംഖ്യ
number, algebraic	ബീജസംഖ്യ
number, commensurable	മേയസംഖ്യ
number, complex	മിശ്രകല്പിതസംഖ്യ
number, composite	ഭാജ്യസംഖ്യ
number, concrete	മൂർത്തസംഖ്യ
number, consecutive	ക്രമസംഖ്യ
number, even	യുഗ്മസംഖ്യ
number, imaginary	കല്പിതസംഖ്യ
number, incommensurable	അമേയസംഖ്യ
number, integral (integer)	പൂർണ്ണസംഖ്യ

number, irrational	അമൂലസംഖ്യ
number, natural	നിസർഗ്ഗസംഖ്യ
number, negative	ഋണസംഖ്യ
number, odd	ഓജസംഖ്യ
number, prime	അവിഭാജ്യസംഖ്യ
number, rational	ലഘുസംഖ്യ
number, real	സത്സംഖ്യ
number, transcendental	അതീതസംഖ്യ
numeral	സംഖ്യ
numeration	സംഖ്യാവാചകം
numerator	അംശം
operation	പരികർമ്മം
order	ക്രമം, ജാതി
order, ascending	ആരോഹക്രമം
order, descending	അവരോഹക്രമം
ordinate	കോടിരേഖ
origin	മൂലബിന്ദു
par, at	മൂല്യസമം
par, above	മൂല്യാധികം
par, below	മൂല്യോനം
parabola	പാവലയം
penultimate	ഉപാന്ത്യം
per cent. / percentage	ശതമാനം

permutation	പ്രസ്താരം
plotting	അങ്കനം
plus (+)	അധികം
polynominal	കൃതിപദം
positive	ധഡം, ധനാത്മകം
practice	അംശപരികർമ്മം
practice, compound	ബഹ്വംശകർമ്മം
premium	ഭീമവരി
present worth	വർത്തമാനമൂല്യം
process	പ്രക്രിയ
product	ഗുണനഫലം
product, continuous	അനസ്യൂതഗുണം
progression	പ്രഗതി
promissory note	വാഗ്ദാനപത്രം, പ്രോനോട്ട്
proof	തെളിവ്
property	ഗുണം
proportion	അനുപാതം
proportion, continued	അനസ്യൂതാനുപാതം
proportion, direct	ശുദ്ധാനുപാതം
proportional	ആനുപാതികം
proportional, mean	ഗുണവർഗ്ഗം
proportional, third	ആനുപാതതൃതീയം
proportional, fourth	അനുപാതചതുർത്ഥം
quadrant	വൃത്തപാദം

quadratic	ദ്വിഘാതി
quadratic, pure	ശുദ്ധദ്വിഘാതി
quantity	രാശി
quantity, unknown	അജ്ഞാതരാശി
question	പ്രശ്നം
quotient	ഹരണഫലം, ലബ്ധി
rate	നിരക്ക്
ratio	അനുപാതസംഖ്യ
ratio, duplicate	യുഗ്മാനുപാതസംഖ്യ
ratio, inverse	വ്യുൽക്രമാനുപാതം
ratio, sub-duplicate	വർഗ്ഗമൂലാനുപാതം
ratio, sub-triplicate	ഘനമൂലാനുപാതം
rational	ശുദ്ധം
rationalisation	ശുദ്ധീകരണം
real	വാസ്തവികം
reciprocal	വ്യുൽക്രമം
rectangle	ആയതസമം
recurrence	ആവൃത്തി
recurring (circulating decimal)	ആവർത്തകം
reduction	തക്ഷണം
relative	ആപേക്ഷികം
remainder	ശിഷ്ടം
result	ഫലം
root	മൂലം
root, cube	ഘനമൂലം

root, multiple	ബഹുമൂലം
root, square	വർഗ്ഗമൂലം
row	വരി
rule	നിയമം
rule of three	ത്രൈരാശികം
rule of three, double	ബഹുരാശികം
scalar	ദിഗ്‌വിഹീനം
scale	തോത്
scale of relation	ബന്ധവാക്യം
series	ശ്രേണി
series, arithmetic	സമാന്തരശ്രേണി
series, geometric	ഗുണോത്തരശ്രേണി
series, harmonic	അനുപാതശ്രേണി
series, power	കൃതിശ്രേണി
sexagesimal	ഷഷ്ട്യംശകം
share	ഓഹരി
sign	ചിഹ്നം
sign, strong (+ and —)	പ്രാഥമികചിഹ്നം
sign, weak (× and ÷)	ഉപചിഹ്നം
significant	സാർത്ഥകം
simple	ലഘു
simplification	ലഘൂകരണം
simplify	ലഘൂവാക്കുക
solution	നിർധാരണം
solve	നിർധാരണംചെയ്യുക

square	സമചതുരക്കോണം വർഗ്ഗം ($ക^2$ = ക വർഗ്ഗം)
stock	ചിതി, സ്റ്റാക്ക്
sub-multiple	ഉപഗുണോത്തരം
subtraction	വ്യവകലനം, കുറയ്ക്കുക
subtrahend	വ്യവകലകം
sum	തുക
surd	കരണി
surd, conjugate	പ്രതികരണി
symbol	ചിഹ്നം
symmetry	പ്രതിസാമ്യം
table	പട്ടിക
tax	കരം
term	പദം
terminating	സാന്തം
test	പരീക്ഷ
theorem	സൂത്രം, ഉപപാദ്യം
theorem, binomial	ദ്വിപദഗണനം
theorem, multinomial	ബഹുപദഗണനം
theorem, remainder	ശേഷോപപാദ്യം
thickness	കനം, കട്ടി
time	കാലം
time, equated	സമകാലം
total	മൊത്തം, ആകെ
transposition	പക്ഷാന്തരീകരണം

uniform	ഏകവിധം
unit	ഏകകം
unlike	അസദൃശം
value	മൂല്യം, വില
value, principal	പ്രധാനമൂല്യം
value, stationary	സ്ഥിരമൂല്യം
variable	ചലാങ്കം
variable, continuous	അനുസ്യൂതചലാങ്കം
variable, discrete	വിച്ഛിന്നചലാങ്കം
variation	ചാലം
variation, joint	സഹചലനം
vector	ദിക്സഹിതം
vice versa	ലോമവിലോമമായി
vinculum	രേഖാകോഷ്ഠം
volume (cubic contents)	ഘനഫലം
weight	ഭാരം

GEOMETRY AND TRIGONOMETRY

ക്ഷേത്രഗണിതവും

ത്രികോണമിതിയും

adjacent	സംസ്പൃഷ്ടം
alternate	ഏകാന്തരം
altitude	ഉന്നതി
ambiguous	ദ്വ്യർത്ഥകം
analysis	വിശ്ലേഷണം
angle	കോണം
angle, acute	ഉന്നതകോണം
angle, compound	സങ്കലിതകോണം
angle, exterior	ബാഹ്യകോണം
angle, dihedral	ദ്വിതലകോണം
angle, included	അന്തഃകോണം
angle, interior	ആന്തരകോണം
angle, obtuse	ബൃഹത്കോണം
angle, polyhedral	ബഹുതലകോണം
angle, right	സമകോണം
angle, solid	ഘനകോണം
angle, vertical	ശീർഷകോണം
angle of depression	അവനതികോണം
angle of elevation	ഉന്നതികോണം

angle in a segment	വൃത്താംശകോണം
angular distance	കൗണികദൂരം
angular radius	കൗണികാരം
antiparallel	പ്രതിസമാന്തരം
antipodal	വ്യാസാന്തരം
apex (vertex)	ശീർഷം
arc	ചാപം
arc, major	അധിചാപം
arc, minor	ഉപചാപം
area	ക്ഷേത്രഫലം
arm	ഭുജം
asymptote	സ്പർശോന്മുഖരേഖ
axiom	സ്വയംപ്രമാണം
axis	അക്ഷം
axis, major	ദീർഘാക്ഷം
axis, minor	ഹ്രസ്വാക്ഷം
axis, radical	സമസ്പർശാക്ഷം
axis of projection	ക്ഷേപാക്ഷം
base	ആധാരം
bearing	ദിക്സ്ഥാനം
bisection	സമഭാഗം
bisector	സമഭാജി
centre	കേന്ദ്രം
centre, radical	സമസ്പർശകേന്ദ്രം
centre of inversion	ഗുണവർത്തകേന്ദ്രം

centre of similitude (homothetic centre)	സാമ്യകേന്ദ്രം
centroid	ഗുരുതകേന്ദ്രം
chord	ജ്യാവ്
circle	വൃത്തം
circle, auxiliary	അനുവൃത്തം
circle, circumscribed (circumcircle)	പരിവൃത്തം
circle, director	നിയതവൃത്തം
circle, great	മഹാവൃത്തം
circle, inscribed	അന്തർവൃത്തം
circle, secondary	ഉപവൃത്തം
circle of inversion	ഇന്നവർത്തവൃത്തം
circle of similitude	സാമ്യവൃത്തം
circumcentre	പരികേന്ദ്രം
circumference	വൃത്തപരിധി
close approximation	സൂക്ഷ്മപ്രായത
co-axial	ഏകാക്ഷകം
coincide	സന്നിപതിക്ക
coincidence	സന്നിപാതം
collinear	ഏകരേഖീയം
complementary	പൂരകം
concave	നതമദ്ധ്യം
concentric	ഏകകേന്ദ്രം
concurrent	സഹഗാമി

cone	സൂചീഖാതം
confocal	സമകേന്ദ്രകം
congruent	സവ്വ്സമയം
conjugate	അനു-
constant of inversion	വ്യുൽക്രമാങ്കം
construction	നിർമ്മിതി
contact	സ്പർശം
converse	വിപരീതം
convex	ഉന്മദ്ധ്യം
coplanar	ഏകതലീയം
corollary	അനുസിദ്ധാന്തം
corresponding	സമസ്ഥാനീയം
cosecant	കോസീക്കൻറ് (കോസീക്ക്)
cosine	കോസൈൻ (കോസ്)
cotangent	കോടാൻജെൻറ്
cube (hexahedron)	ഘനം
cuboid (rectangular prism)	സമചാർശപം
curve	വക്രം
curvature	വക്രത
curved	വക്രം
cyclic	ചക്രീയം
cylinder	ഗോളസ്തംഭം, സിലിൻഡർ
datum	ഉപാത്തം
decahedron	ദശതലകം

deduction	അനുമാനം
degree	ഭാഗ
descriptive property (projective property)	ക്ഷേപധർമ്മം
diagonal	കണ്ണം
diameter	വ്യാസം
direction	ദിക്ക്
directrix	നിയതരേഖ
eccentricity	ഉൽകേന്ദ്രത
edge	ധാര
elevation	ഉയരം
ellipsoid	ദീർഘവൃത്തജം
enunciation	പ്രതിപാദനം
enunciation, general	പ്രതിജ്ഞ
enunciation, particular	വിശേഷപ്രതിജ്ഞ
envelope	സർവ്വസ്പർശി
equiangular	സദൃശകോണം
equidistant	സമദൂരം
equilateral	സമപ്പജം
ex-centre	വ്യതികേന്ദ്രം
ex-circle (E-circle)	വ്യതിവൃത്തം
external	ബാഹ്യം
face	ഫലകം
figure	രൂപം
figure, rectilineal	ഋജുപ്പജരൂപം

frustum	മൂലഖണ്ഡം
geometry	ക്ഷേത്രഗണിതം
grade	ഗ്രേഡ്
graph	ലേഖ
harmonic conjugate	അനുപാതബിന്ദു
harmonic range	അനുപാതബിന്ദുശ്രേണി
harmonic series	അനുപാതശ്രേണി
hexagon	ഷഡ്ഭുജം
homographic	സമശ്രേണ്യാനുപാതികം
homothetic	സദൃശം
horizontal	തിരശ്ചീനം
hyperboloid	അതിപരിവലയജം
hypotenuse	കർണം
hypothesis	സങ്കല്പം
icosahedron	വിംശതിതലകം
identical	ഏകാത്മകം
incentre	അന്തഃകേന്ദ്രം
incircle	അന്തർവൃത്തം
inclination	നതി
independent	സ്വതന്ത്രം
inequality	അസമതാ
inscribed	അന്തർലിഖിതം
intercept	അന്തരഖണ്ഡം
internal	ആന്തരം
intersection	സംഘട്ടനം

inverse	വ്യുൽക്രമം
inversion	വ്യുൽക്രമണം, ഗുണവർഗ്ഗലേഖനം
irregular	വിഷമം
isogonal	സമകൗണികം
isosceles	സമദ്വിഭുജം
latus rectum	കേന്ദ്രലംബം
line	രേഖ
line, generating	ജനകരേഖ
line, pedal (Simson's Line)	പാദരേഖ
line, vanishing	അസ്തരേഖ
line at infinity	അനന്തരേഖ
line of greater slope	മഹിഷ്ണുപ്രവണരേഖ
lines, double	ദ്വികരേഖകം
locus	ബിന്ദുപഥം
lune	ചന്ദ്രക്കല
measurement	മാപനം
median	മദ്ധ്യമം
metric property	മാപധർമ്മം
minute	മിനിട്ട്, കല
modulus (mod)	മാപാങ്കം
normal	അഭിലംബം
octahedron	അഷ്ടതലകം
one to one correspondence	സാംഗസാദൃശ്യം

opposite	വിപരീതം
orthocentre	ഉന്നതികേന്ദ്രം
orthogonal	സമകോണികം
orthogonal involution	സമകോണികദ്വന്ദ്വം
orthogonal projection	ലംബാഭിക്ഷേപം
paraboloid	പരാവലയജം
parallel	സമാന്തരം
parallelogram	സാമാന്തരികം
parallelopiped	പ്രവണസമപാർശ്വം
pentagon	പഞ്ചഭുജം
penultimate	ഉപാന്ത്യം
perimeter	പരിധി
period	താളവട്ടം
periodic	ആവർത്താളം
perspective	ആകാശക്ഷേപം
plan	പ്ലാൻ
plane	സമതലം
point	ബിന്ദു
point, symmetrical	സമകോണബിന്ദു
point, limiting	സീമാബിന്ദു
points, cricular	വൃത്തബിന്ദുക്കൾ
points, double	ദ്വികബിന്ദുക്കൾ
points, inverse	വ്യുൽക്രമബിന്ദുക്കൾ

polar	സ്പർശകധ്രുവം
pole	ധ്രുവം
polygon	ബഹുഭുജം
polyhedron	ബഹുതലകം
postulate	സ്വീകാര്യതത്വം
practical	പ്രായോഗികം
prism	പ്രിസം, സമപാർശ്വം
problem	പ്രശ്നം
progression	പ്രഗതി
projected	അഭിക്ഷിപ്തം
projection	അഭിക്ഷേപം
proof	ഉപപത്തി
proof, alternative	വികല്പോപപത്തി
proportional	ആനുപാതികം
proposition	പ്രമേയം
proved	ഉപപന്നം
pyramid	സൂചീസ്തംഭം
quadrangle	ചതുർബിന്ദു
quadrilateral	ചതുർഭുജം
Q, E. D.	ഇത്യുപപന്നം (ഇ. ഉ.)
radian	ആരചാപം
radius	ആരം
radix	മൂലാങ്കം
range	ബിന്ദുശ്രേണി
reciprocal	അന്യോന്യം

reciprocation	അന്യോന്യീകരണം
rectangle	ആയതക്ഷേത്രം
rectangular hyperbola	ആയതപരിവലയം
reductio ad adsurdum	അസംഗതപ്രസംഗം
re-entrant (reflex angle)	മഹാകോണം
regular	സമം
revert	വിലോമമാക്കുക
reverse	വിലോമം
rhombus	സമഭുജം
scale	തോത്, സ്കെയിൽ
scale, diagonal	കർണ്ണമാപകം
secant	സീക്കൻറ്
second	സെക്കൻഡ്, വികല
section	ഖണ്ഡം
section, oblique	വക്രഖണ്ഡം
section, principal	മുഖ്യഖണ്ഡം
sector	വൃത്തഖണ്ഡം
segment	അംശം
self-conjugate	സ്വാനുഖ്യം
self-evident	സ്വതഃസിദ്ധം
self-polar	സ്വയംധ്രുവം
semi-cricle	അർദ്ധവൃത്തം
side	വശം

similar	സദൃശം
similar, inversely	വ്യുൽക്രമസദൃശം
similarity	സാദൃശ്യം
sine	സൈൻ
size	വലിപ്പം
skew	കുടിലം
slope	ചരിവ്
solid	ഘനം
solid, regular	സമഘനം
solution	നിർണ്ണയം
solve	നിർണ്ണയിക്കുക
space	ദേശം
sphere	ഗോളം
spherical cap	ഗോളഖണ്ഡം
spheroid	ഉപഗോളം
spiral	സർപ്പിലം
square	സമചതുരം
straight	ഋജു
sub-multiple	ഉപഗുണോത്തരം
sub-normal	ഉപലംബം
subtend	സമ്മുഖമാക്കുക
superposition	അദ്ധ്യാരോപം
supplementary	അനുപൂരകം
surface	തലം, ക്ഷേത്രം
symmetry	പ്രതിസാമ്യം

synthesis	സംശ്ലേഷണം
tangent	സ്പർശകം
tangent, direct common	ഏകപാർശ്വസ്പർശകം
tangent, transverse common	ദ്വിപാർശ്വസ്പർശകം
tetrahedron	ചതുസ്തലകം
theorem	ഉപപാദ്യം
theoretical	താത്വികം
transversal	ഛേദകരേഖ
trapezium	സമലംബകം
trihedral	ത്രിതലകം
triangle	ത്രിഭുജം
triangle, pedal	പാദത്രിഭുജം
triangle, right-angled	ജാത്യ
triangle, scalene	വിഷമത്രിഭുജം
trigonometric ratio	ത്രികോണാനുപാതം
trigonometry	ത്രികോണമിതി
trisection	ത്രിസമഭാഗം
umbilic	വൃത്തഖണ്ഡാഗ്രം
vertex	ശീർഷം
vertically opposite	ശീർഷപ്രതീപം
zero	ശൂന്യം
zone	മേഖല

ASTRONOMY

ജ്യോതിഷം

aberration	അപയാനം
altazimuth	ദിഗംശയന്ത്രം
altitude	ഉന്നതി
anomaly	കോണം
antarctic	കുമേരു
aphelion	അപസൂര്യം
apogee	അപഭൂ
apsides	അപഭൂരം
Aquarius	കുംഭം
arctic	സുമേരു
Aries	മേഷം, മേടം
ascending	ആരോഹ–
asteroids	ക്ഷിന്നഗ്രഹങ്ങൾ
astronomy	ജ്യോതിഷം
astronomical	ജ്യൗതിഷം
atmosphere	അന്തരീക്ഷം
atmospheric refraction	അന്തരീക്ഷാപഭങ്ഗം
autumn	ശരത്ത്
autumnal equinox	തുലാവിഷു
azimuth	ദിഗംശം

calendar	പഞ്ചാംഗം
Cancer	കർക്കടകം
canopus	അഗസ്ത്യൻ
Capricornus	മകരം
celestial	ഖ–
circuit	പ്രക്ഷിണം
circumpolar	പരിധ്രുവകം
coefficient of refraction	അപഭങ്ഗാങ്കം
co-latitude	ക്ഷേപപൂരകം
collimation	അക്ഷീകരണം
collimation error	അക്ഷഭ്രമാങ്കം
comet	ധൂമകേതു
conjunction	സന്ധി
constellation	നക്ഷത്രം
crescent	ഉഡുനാഭം
culmination	മദ്ധ്യമം
cycle	ചക്രഗതി, പരിവൃത്തി
declination	ക്രാന്തി
deviation	വ്യതിചലനം
deviation error	വ്യതിചലനാങ്കം
dichtomised	അർദ്ധം
dip of the horizon	ചക്രവാളനതി
diurnal	ദിന, ദിനരാത്ര–
earth	ഭൂമി
ebb-tide	വേലിയിറക്കം

ecentric anomaly	അതികോണം
eclipse	ഗ്രഹണം
eclipse, annular	വലയഗ്രഹണം
eclipse, lunar	ചന്ദ്രഗ്രഹണം
eclipse, partial	ഖണ്ഡഗ്രഹണം
eclipse, solar	സൂര്യഗ്രഹണം
eclipse, total	പൂർണ്ണഗ്രഹണം
ecliptic	ക്രാന്തിവൃത്തം, രവിമാർഗ്ഗം
ellipticity	ഉപവൃത്തത
elongation	പ്രതാനം
epoch	യുഗം
equation of centre	കേന്ദ്രശോധനം
equation of time	കാലശോധനം
equator	വിഷുവം
equator, celestial	ഖവൃത്തം, നാഡീവൃത്തം
equator, terrestrial	ഭ്രവിഷുവരേഖ
equatorial (instrument)	ചക്രയന്ത്രം
equatorial (adj.)	വിഷുവരേഖീയം
equinoctial	വിഷുവൽ
equinoctial colure	വിഷുവവൃത്തം
equinox	വിഷുവം
First point of Aries	ആദിബിന്ദു
First point of Libra	തുലാബിന്ദു, അന്തബിന്ദു
flow-tide	വേലിയേറ്റം
full moon	പൂർണ്ണിമ, പൂർണ്ണചന്ദ്രൻ

galaxy	ഭഗണം
Gemini	മിഥുനം
geo-centric	ഭൂമധ്യ-
gibbous	അർദ്ധബിംബം
globe	ഗോളകം
great circle	മഹാവൃത്തം
gyroscope	ഘൂർണ്ണനമാപകം
harvest moon	ശരച്ചന്ദ്രൻ
heliocentric	രവിമധ്യ-
horizon	ചക്രവാളം
horizontal	തിരശ്ചീനം
hour angle	ഹോരാകോണം
hour circle	ഹോരാവൃത്തം
Jupiter	വ്യാഴം
latitude, celestial	ക്ഷേപം
latitude, parallels of	അക്ഷാംശരേഖകൾ
latitude, terrestrial	അക്ഷാംശം
level	മട്ടം
level error	മട്ടവ്യത്യാസം
leap year	അധിവർഷം
Libra	തുലാം
local time	രേഖാംശകാലം
longitude, celestial	ക്രാന്ത്യംശം
longitude, terrestrial	രേഖാംശം
lower culmination	നീചമദ്ധ്യം

lunar	ചാന്ദ്രം
lunar day	തിഥി
lunation	ചാന്ദ്രമാസം
Mars	കുജൻ, ചൊവ്വ
mean	മദ്ധ്യമാനം
mean anomaly	മദ്ധ്യമാനകോണം
mean time	മദ്ധ്യമാനകാലം
Mercury	ബുധൻ
meridian	ധ്രുവരേഖ
meridian altitude	മഹിഷ്ഠോന്നതി
meridian plane	ധ്രുവരേഖാതലം
meridian zenith distance	ഉന്നമഹിഷ്ഠോന്നതി
meteor	ഉൽക്ക
meteorite	ഉൽക്കാപിണ്ഡം
micrometer	മൈക്രോമീറർ
Milky Way	ആകാശഗംഗ
month, lunar	ചാന്ദ്രമാസം
month, solar	സൗരമാസം
moon	ചന്ദ്രൻ, തിങ്കൾ
motion, annual	വാർഷികഗതി
motion, direct	ഗതി
motion, proper	സമലംബഗതി
motion, retrograde	വിഗതി
mural circle	ദക്ഷിണഭിത്തിയന്ത്രം

nadir	പാതാളം
neaptide	ചിറ്റാറ്റം
nebula	അവ്യക്തമണ്ഡലം
nebula, dark	തമോമണ്ഡലം
nebula, spiral	അക്ഷിപ്താവ്യക്തം
nebula, irregular	അവ്യക്തകല്പമണ്ഡലം
nebula, planetary	സപ്പിലമണ്ഡലം
Neptune	നെപ്റ്റ്യൂൺ
new moon	അമാവാസ്യ
node	പാതം
node, ascending	ഉച്ചപാതം
node, ascending (lunar)	രാഹു
node, descending	നീചപാതം
node, descending (lunar)	കേതു
nutation	അയനശോധനം
obliquity of the ecliptic	ക്രാന്തികോണം
observatory	നക്ഷത്രബംഗ്ലാവു്, ജ്യോതിർമ്മന്ദിരം
opposition	വിസന്ധി
orbit	കക്ഷ്യ
Orion	മൃഗവ്യാധൻ
parallax	സമ്മുഖവ്യത്യയം
parallax, annual	ഭവലയലംബനം

parallax, diurnal	ദിനലംബനം
parallax, geocentric	ഭ്രമധ്യലംബനം
parallax, secular	നക്ഷത്രലംബനം
pendulum	ദോലകം
penumbra	ഉപച്ഛായ
perigee	അനഭ്ര
perihelion	അനസൂര്യം
periodic time	പരിക്രമകാലം
personal equation	വ്യക്ത്യന്തരം
phase	കലാങ്കം
Pisces	മീനം
planet	ഗ്രഹം
planet, exterior	ബഹിർഗ്രഹം
planet, interior	അന്തർഗ്രഹം
planet, superior	ബഹിർഗ്രഹം
Pluto	യമൻ
points	ബിന്ദുക്കൾ
points, cardinal	ദിക്കുകൾ
points, equinoctial	വിഷുവദ്ബിന്ദുക്കൾ
points, stationary	സ്ഥിരസ്ഥാനങ്ങൾ
pointer	ദർശകം
pole	ധ്രുവം
polar axis	ധ്രുവാക്ഷം
polar distance	ധ്രുവദൂരം
Polaris	ധ്രുവതാരം

precession	അയനം
prime meridian	പ്രധാനമദ്ധ്യരേഖ
prime vertical	സമമണ്ഡലം
quadrant	പാദം, കേന്ദ്രരാശി
quadrature	സമകോണാന്തരസ്ഥതി
regression	വിഗതി
relative position	ആപേക്ഷികസ്ഥിതി
revolution	പരിക്രമണം
right ascension	വിഷുവാംശം
rising	ഉദയം
rotation	ഭ്രമണം
Saggitarius	ധനു
satellite	ഉപഗ്രഹം
Saturn	ശനി
Scorpio	വൃശ്ചികം
sea-level	സമുദ്രനിരപ്പ്
secondary to a great circle	ഉപവൃത്തം
setting	അസ്തമയം
siderial time	നക്ഷത്രകാലം
Sirius	ലുബ്ധകൻ
small circle	അല്പവൃത്തം
solar day	ദിവസം
solstice	അയനസ്ഥാനം
solstitial colure	മകരവൃത്തം

sphere	ഗോളം
sphere, celestial	ഖഗോളം
spring	വസന്തം
spring-tide	പേരേറം
star	താരം
star, binary	ദ്വിതാരം
star, double	താരയുഗ്മം
summer	ഗ്രീഷ്മം, വേനൽകാലം
Sun	സൂര്യൻ, ഞായർ
sun-dial	നാഡീയന്ത്രം
synodic period	സൗരകാലം
Taurus	വൃഷം, ഇടവം
telescope	ദൂരദർശി
telescope, astronomical	ജ്യോതിർദർശി
telescope, collimating	സമാന്തരകാരി
temperate	മിതം
terrestrial	ഭൂ-
tide	ഏറ്റമിറക്കം
time of transit	സംക്രമണകാലം
transit circle	മദ്ധ്യവൃത്തം
transit instrument	സംക്രമണയന്ത്രം
true anomaly	സ്ഫുടകോണം
umbra	ഛായ

upper culmination	ഉച്ചസംക്രമം
Uranus	യുറാനസ്
Ursa Major	സപ്തർഷിമണ്ഡലം
Ursa Minor	ധ്രുവമണ്ഡലം
Vega	അഭിജിത്ത്
Venus	ശുക്രൻ, വെള്ളി, പെരുമീൻ
vernal equinox	മഹാവിഷുവം
vertical	ലംബ–
Virgo	കന്യ, കന്നി
visible horizon	ദൃശ്യചക്രവാളം
winter	ഹേമന്തം
winter solstice	മകരസംക്രാന്തി
zenith	ഖമദ്ധ്യം
zenith distance	നതാംശം
zodiac	രാശിചക്രം

CALCULUS:

കലനം

absolutely convergent	കേവലസംവ്യജ-
acceleration	വർദ്ധനം
branch	ശാഖ
branch point	ശാഖാബിന്ദു
calculus	കലനം
calculus, differential	ശകലനം
cardioid	ഹൃദയാകാരം
centroid	ഗുരുതപകേന്ദ്രം
circular function	വൃത്തധർമ്മം
closed interval	സംവൃതാന്തരം
closest contact	ആത്യന്തികസ്പർശം
complementary function	പൂരകധർമ്മം
contact	സ്പർശം
continuous function	അനസ്യൂതധർമ്മം
cusp	ചഞ്ചുവക്രം
cycloid	ചക്രവഥം
definite	ക്ലിപ്തം
differential	ശകലകം
differential coefficient	ശകലഗുണോത്തരം

differentiation	ശകലീകരണം
double point	ദ്വിബിന്ദു
epicycloid	ബഹിശ്ചക്രവൃത്തപഥം
equiangular spiral	ഏകകോണസർപ്പിലം
even function	സ്ഥിരധർമ്മം
evolute	ഉപകേന്ദ്രപഥം
expand	വിസ്തരിക്കുക
expansion	വിസ്താരം
explicit function	സ്പഷ്ടധർമ്മം
general solution	സാമാന്യനിഷ്കരണം
genesis	ഉൽപ്പത്തി
gradient	ചരിവുമാനം
hyperbolic function	പരവലയധർമ്മം
hypercycloid	അന്തശ്ചക്രവൃത്തപഥം
implicit function	അസ്പഷ്ടധർമ്മം
indefinite integral	അനിശ്ചിതസഞ്ചയം
infinite integral	അനന്തസഞ്ചയം
integral	സഞ്ചയം
integral calculus	ചയനം
integraph	സഞ്ചയനയന്ത്രം
integration	സഞ്ചയനം
integration by parts	അംശചയനം
integrating factor	ചയനഘടകം
intrinsic equation	നിജസമവാക്യം
invariant	അചലധർമ്മം

inverse function	വിലോമധർമ്മം
involute	വികേന്ദ്രപഥം
lamina	ദളം
lemiscate	ദിഗ്വാക്ഷം
limacon	ഗോപീരൂപം
limit of integration	സംഖ്യയസീമ
mean value theorem	മദ്ധ്യാപപാദ്യം
moment of inertia	ജാഡ്യഘൂർണ്ണം
monotone	ഏകതാനം
multiple integral	ബഹുചയം
multiple valued	ബഹുമൂല്യം
open interval	വിവൃതാന്തരം
order	ജാതി
osculating	ആശ്ലേഷണം
oval	അണ്ഡാകൃതി
parameter	പരമാപകം
parametric equation	പരമാപകസമവാക്യം
partial differentiation	അംശകലനം
particular integral	വിശിഷ്ടചയം
pedal curve	പാദവക്രം
planimeter	ക്ഷേത്രമാപകം
point of inflexion	വിവക്രസന്ധി
polar co-ordinates	കൃണികാപേക്ഷിക കോടികം

radius of gyration	ഘൂർണ്ണനാരം
rate	നിരക്ക്
semi-convergent	സാമിസംവ്രജ–
simple harmonic motion	ലംബച്യാവൃത്തി
single-valued	ഏകാത്മം
singular points	വികടബിന്ദുക്കൾ
singular solution	വിശേഷനിദ്ധാരണം
slope	ചരിവ്
solution	നിദ്ധാരണം
slove	നിദ്ധാരണംചെയ്യുക
stationary point	സ്ഥിരസ്ഥാനം
successive reduction	അനുപദതക്ഷണം
successive differentiation	അനുപദശകലനം
trajectory	ക്ഷേപപഥം
trapezoidal rule	സമലംബനിയമം
trochoid	ബഹ്വക്രം
velocity	പ്രവേഗം

STATISTICS:
സ്ഥിതിഗണിതം

a priori	സ്വതസ്സാദ്ധ്യം
a posteriori	ലബ്ധസാദ്ധ്യം
aggregate regularity	സാമാന്യക്രമം
association	സാഹചര്യം
average	ശരാശരി
confidence belt	വിശ്വാസപരിധി
confidence coefficient	വിശ്വാസഗുണകം
control	നിണ്ണായകം
coefficient of contingency	ബന്ധാങ്കം
coefficient of correlation	പരസ്പരബന്ധാങ്കം
coefficient of variability	വ്യത്യയാങ്കം
contingency	ബന്ധപട്ടിക
correlation ratio	പരസ്പരബന്ധാനുപാതം
covariance	സംവ്യത്യയം
cumulative frequency	വർദ്ധമാനാഭീക്ഷ്ണത
cumulative frequency curve (ogive)	വർദ്ധമാനാഭീക്ഷ്ണതാവക്രം

degree of freedom	സ്വാതന്ത്ര്യമാനം
dispersion	വികിരണം
distribution	വിതരണം
error function	വ്യതിചലനധർമ്മം
factorial experiment	ഉപാധിപരീക്ഷ
fiducial limit	സാദ്ധ്യസീമ
fiducial probability	സാദ്ധ്യസംഭാവ്യത
frequency	അഭീക്ഷ്ണത
goodness of fit	ചേരുമാനം
heterogeneity	വിജാതീയത
histogram	മേരുലേഖ
homogeneity	സജാതീയത
independence	സ്വാതന്ത്ര്യം
index number	സൂചകാങ്കം
integral probability	പൂർണ്ണസംഭാവ്യത
interpolation	പ്രക്ഷേപണം
law of large numbers	മഹാഗണനിയമം
law of small numbers	അല്പഗണനിയമം
Latin square	ലത്തീൻകളം
least square	അല്പിഷ്ടവർഗ്ഗം
mean error	മദ്ധ്യവ്യത്യയം
mean square error	മദ്ധ്യവർഗ്ഗവ്യത്യയം
median	മദ്ധ്യമം

maximum likelihood	മഹിഷ്ണുസംഭാവ്യത
mathematical expectation	ഗണിതപ്രതീക്ഷ
moment	വ്യത്യയഗുണമദ്ധ്യം
mode	അത്യാഭീക്ഷ്ണ്യജനകം
mutually exclusive	പരസ്പരവർജ്ജം
normal law	സാമാന്യനിയമം
population (universe)	സമൂഹം
probability	സംഭാവ്യത
probable error	സംഭാവ്യവ്യുതിയാനം
quartille	പാദ്യം
quartille range	പാദ്യപരിധി
random variable	ശിഷ്ടപ്രത്യയം
regression	പ്രതിക്രമണി
relative probability	ആപേക്ഷികസംഭാവ്യത
replication	ആവർത്തനം
sample	സാമ്പിൾ, മാതൃക
skewness	കുടിലതാ
standard deviation	വികരണാങ്കം
statistic	മാതൃക
statistics	സ്ഥിതിഗണിതം
variance	വ്യത്യയാങ്കം
weighted mean	ഗുണമദ്ധ്യമം

MECHANICS:

ശക്തിതന്ത്രം

acceleration	വേഗകം
action	പ്രവർത്തനം
advantage	സൗകര്യം
alternative	വികല്പം
amplitude	വിസ്തൃതി
angular acceleration	കൗണികവേഗകം
angular velocity	കൗണികപ്രവേഗം
apparent	പ്രതീത–
application	പ്രയോഗം
arm	ബാഹു
at rest	സ്ഥിതം
attraction	ആകർഷണം
average	ശരാശരി
axle	അക്ഷദണ്ഡം
balance	ത്രാസ്
base	ആധാരം
beam	ദണ്ഡിക
bob	കട്ട
body	സാധനം
capacity	ധാരകത്വം, കോള്
capstan	കറ്റുറാട്ട്

centre of gravity	ഗുരുത്വകേന്ദ്രം
centrifugal	അപകേന്ദ്രകം
coefficient of elasticity	സ്ഥിതിഗതാങ്കം
coefficient of friction	ഘർഷണാങ്കം
collision	സംഘട്ടം
common	സാധാരണം
component	ഘടകം
composition (of velocity)	നിർണ്ണയം
composition (of forces)	യോഗം
conical pendulum	സൂചീഖാതദോലകം
conservation	സ്ഥായിത
constrained motion	അവരുദ്ധഗതി
co-planar	ഏകതലസ്ഥം
couple	ദ്വന്ദ്വം
criterion	നിർണ്ണായകം
density	സാന്ദ്രത
differential	വിഭേദകം
direct impact	പ്രഘാതം
direction	ദിശ, ചൊവ്വ്
displacement	സ്ഥാനാന്തരം
dynamic	ഗതീയം
dynamics	ബലതന്ത്രം

NOORUL ISLAM HIGH SCHOOL
ERNAKULAM.

effective force	കാര്യക്ഷമമായ ബലം
efficiency	സമർത്ഥത
effort	പ്രയത്നം
elastic	സ്ഥിതിഗം
energy	ഊർജ്ജം
equilibrium	തുലനസ്ഥിതി
equivalent	തുല്യം
experiment	പരീക്ഷണം
free motion	സ്വതന്ത്രഗതി
force	ബലം
friction	ഘർഷണം
fulcrum	ധാരം
generalisation	സാമന്യീകരണം, വ്യാപ്തി
gradient	ചരിവുമാനം
gravitation	ഗുരുത
gravity	ഗുരുത്വം
hodograph	ത്വരണചിത്രം
horizontal	തിരശ്ചീനം
impact	ഘാതം
impressed force	നിഹിതബലം
impulse	നോദനം
impulsive force	നോദനബലം
inclined	നതം
inclination	നതി, ചരിവ്
independence	സ്വാതന്ത്ര്യം

inelastic	അസ്ഥിതിഗം
inertia	ജാഡ്യം
inextensible	അപ്രസാര്യം
initial	പ്രാരംഭികം
instant	ക്ഷണം
instantaneous	ക്ഷണികം
intensity	തീവ്രത
interval	അന്തരം
kinematics	ഗതിതന്ത്രം
kinetic	ചലം, ഗതീയം
kinetics	ഗതിവിദ്യ
lamina	ദളം
law	നിയമം
lever	ഉത്തോലകം
like	സജാതീയം
line of impact	ഘാതരേഖ
load	കേവ്, ഭാരം
locomotion	ഗമനം
machine	യന്ത്രം
mass	പിണ്ഡം, രാശി
matter	ദ്രവ്യം
mechanic	യന്ത്രി
mechanical	യാന്ത്രികം
mechanics	ശക്തിതന്ത്രം
moment	ഭ്രാമകം, ഘൂർണ്ണം, ആക്കം

1948

moment of momentum	കൗണികഭരവേഗം
momentum	ആയം
motion	ചലനം, ഗതി
neutral	ഉദാസീനം
normal acceleration	അഭിലംബവേഗകം
oblique impact	അപഘാതം
observation	പര്യവേക്ഷണം
oscillation	ആന്ദോലനം
parallelogram law	സാമാന്തരികനിയമം
parallelogram of forces	ബലസാമാന്തരികം
particle	കണം
path	പന്ഥാവ്, പാത
pendulum	ദോലകം
period	ദോലനകാലം, പര്യായകാലം
periodic motion	പര്യാവൃത്തഗതി
phase	കല
pysical	ഭൗതികം
plane	തലം
plumb line	ലംബരജ്ജു
position	സ്ഥാനം
potential	സ്ഥാനികം
power	ശക്തി
pressure	മർദ്ദം

principle	തത്വം
projection	പ്രക്ഷേപം
projectile	പ്രക്ഷിപ്തം
pull	വലിക്കൽ
pulley	കപ്പി
push	തള്ളൽ
pyramid	സൂചീസ്തംഭം
reaction	പ്രതിപ്രവർത്തനം
recoil	പ്രത്യാഗതി
relative	ആപേക്ഷികം
representation	പ്രദർശനം
repulsion	വികർഷണം
resistance	രോധം
resolution	വിയോജനം
resolved part	വിയോജിതാംശം
rest	സ്ഥിതി
resultant	ഫലം
retardation	ഊനവേഗകം
revolution	പരിക്രമണം
rigid	ദൃഢം
rigidity	ദൃഢത
rolling	ആവർത്തനം
rolling friction	ആവർത്തഘർഷണം
rotation	ഭ്രമണം
rotation (spin)	ഘൂർണ്ണനം

KUNAYIRUL ISLAM HIGH SCHOOL
Date
ERNAKULAM

rough	രൂക്ഷം
scalar	ദിഗ്ഭിന്നം
screw	സ്ക്രൂ, ചിരി
sensitive	സംവേദി
simple harmonic motion	ലംബവ്യാവൃത്തി
sliding	വിസർപ്പണം
sliding friction	വിസർപ്പഘർഷണം
slope	ചരിവ്
smooth	മസൃണം
space	സ്ഥാനം, ദേശം, ആകാശം
specific gravity	ആപേക്ഷികഗുരുത്വം
speed	വേഗം
stable	സ്ഥിരം
static	സ്ഥിതീയം
statics	സ്ഥിതിതന്ത്രം
steady motion	നിയതഗതി
steelyard	തുലാദണ്ഡം
string	രജ്ജു
substance	വസ്തു
support	അവലംബനം
surface	പ്രതലം
tension	ആയതി
thread	നൂല്
time	കാലം

transition	ജ്ജാഗതി
transmission	പ്രേഷണം
true	യഥാർത്ഥം
uniform velocity	സമവേഗകം
unlike	വിജാതീയം
unstable	അസ്ഥിരം
variable velocity	അസമവേഗകം
vector	ദൈശികം
velocity	വേഗകം
vertical	ലംബം
vibration	കമ്പനം
wedge	ആപ്പ്
weight	ഭാരം
wheel	ചക്രം
windlass	പുറമവണ്ടി
work	പ്രവൃത്തി

PRINTED AT THE KESARI PRESS, Tvm.

1940

1940

TRAVANCORE UNIVERSITY PUBLICATIONS

സാങ്കേതിക ശബ്ദകോശങ്ങൾ

GLOSSARY SERIES

(English Terms with meanings in Malayalam)

			PRICE Rs.	As.	Ps.
1.	ഉൗർജ്ജതന്ത്രം	Terms in Physics	0	6	0
2.	രസതന്ത്രം	,, Chemistry	0	6	0
3.	ഗണിതശാസ്ത്രം	,, Mathematics	0	8	0
4.	സസ്യശാസ്ത്രം	,, Botany	1	0	0
5.	വിദ്യാഭ്യാസം	,, Education	0	12	0
6.	ജന്തുശാസ്ത്രം	,, Zoology	0	8	0